(സി) ഇല്ല.

(ഡി)&(ഇ) ചോദ്യം ഉദിക്കുന്നില്ല.

കൊടിതൂക്കി ടൂറിസ്റ്റ് സെന്ററാക്കുന്നതിനുള്ള നടപടി

134(1622)ശ്രീ. എൻ. സുന്ദരൻ നാടാർ : താഴെക്കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാറശ്ശാല നിയോജകമണ്ഡലത്തിൽ കുളത്തൂർ പഞ്ചായത്തിൽപ്പെട്ട കൊടിതൂക്കി എന്ന സ്ഥലം ടൂറിസ്റ്റ് സെന്ററാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

സർക്കാർവക ഭൂമി ലഭ്യമല്ലാത്തതിനാൽ കൊടിതൂക്കിമല ടൂറിസ്റ്റ് സെന്ററാക്കുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിൽ ഇപ്പോഴില്ല.

ബേക്കൽ ടൂറിസം

135(1623) ശ്രീ. പി. രാഘവൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബേക്കൽ ടൂറിസം വികസനത്തിന് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര രൂപ അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ;

(ബി) ഇതിൽ എത്ര രൂപ ഇതുവരെയായി ചെലവായിട്ടുണ്ടെന്നറിയിക്കുമോ;

(സി) എന്തെല്ലാം പദ്ധതികളാണ് ഇതുവരെ നടപ്പിലാക്കിയിട്ടുള്ളത് എന്നറിയിക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ബേക്കൽ പദ്ധതിയ്ക്കായി 30 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) മേൽ അനുവദിച്ച തുകയിൽ 23 കോടി രൂപ ഈ പദ്ധതിയുടെ നടത്തിപ്പിനായി ഇതുവരെ ചെലവഴിച്ചിട്ടുണ്ട്.

(സി) താഴെ പറയുന്നവയാണ് നടപ്പിലാക്കിയിട്ടുള്ളത്.

1. പള്ളിക്കര പബ്ലിക് ബീച്ച് (ഏപ്രിൽ മാസം ഉദ്ഘാടനം നടക്കും)
2. സമഗ്രജലവിതരണപദ്ധതി (പ്രവർത്തനം നടന്നുവരുന്നു)
3. 'തണൽ' ഫെസിലിറ്റി സെന്റർ
4. ഏഴു റിസോർട്ടുകൾക്കായി 73.30 ഹെക്ടർ ഭൂമി ഏറ്റെടുത്തു.

സർക്കാരിനുവേണ്ടി കേസ് വാദിക്കുന്ന അഭിഭാഷകർ

136(1624) ശ്രീ. ടി.എം. ജേക്കബ് :

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സുപ്രീംകോടതി, ഹൈക്കോടതി, മറ്റ് കോടതികൾ എന്നിവയിൽ സർക്കാരിനുവേണ്ടി കേസുകൾ വാദിക്കാൻ എത്രപേരെ നിയമിച്ചിട്ടുണ്ട്; അവർ ആരെല്ലാം;

LIBRARY ARCHIVES Kerala Legislative Assembly

(ബി) സുപ്രീംകോടതിയിലും ഹൈക്കോടതിയിലും കേസുകൾ നടത്താൻ വേണ്ടി നിയമിച്ച അഭിഭാഷകരെ കൂടാതെ മറ്റു അഭിഭാഷകരെ കേസുകൾ നടത്താൻ ഏൽപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള കാരണം വെളിപ്പെടുത്തുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഹൈക്കോടതിയിലും സുപ്രീംകോടതിയിലുമായി കേസുകൾ നടത്താൻ ഏതെല്ലാം സീനിയർ അഭിഭാഷകരെ ചുമതലപ്പെടുത്തിയിട്ടുണ്ട്;

(ഡി) ഇവർ വാദിച്ച കേസുകൾ ഏതല്ലാം; ഓരോ കേസിലും ഓരോ അഭിഭാഷകരും നൽകിയ തുക എത്ര;

(ഇ) പ്രതിമാസം ശമ്പളം, അലവൻസ് എന്നീ ഇനങ്ങളിൽ അഡ്വ. ജനറൽ, അഡീഷണൽ അഡ്വ. ജനറൽ, മറ്റ് സർക്കാർ അഭിഭാഷകർ എന്നിവർക്കായി നൽകുന്ന തുക എത്രയെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സുപ്രീംകോടതി, ഹൈക്കോടതി, സംസ്ഥാനത്തെ ഇതര കോടതികൾ ഇവയിൽ സർക്കാർ കേസുകൾ നടത്തുന്നതിനായി നൂറ്റിമുപ്പത്തി മൂന്ന് പേരെ നിയമിച്ചിട്ടുണ്ട്. അവരുടെ പേരുവിവരം 1 മുതൽ 3 വരെയുള്ള അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ബി) പ്രത്യേക വൈദഗ്ധ്യമുള്ള അഭിഭാഷകരെ ചില പ്രത്യേക സാഹചര്യങ്ങളിൽ ചില കേസുകൾ നടത്താൻ ഏൽപ്പിക്കാറുണ്ട്.

(സി) സുപ്രീംകോടതിയിൽ കേസുകൾ നടത്തുന്നതിനായി സംസ്ഥാന ഗവൺമെന്റ് സീനിയർ അഭിഭാഷകരുടെ ഒരു പാനൽ തയ്യാറാക്കിയിട്ടുണ്ട്. അതിൽപ്പെടുന്നവരെയാണ് കേസുകൾ നടത്താൻ ചുമതലപ്പെടുത്തുക. അവരുടെ പേരുവിവരം അനുബന്ധം -1 ആയി ചേർത്തിട്ടുണ്ട്. ഹൈക്കോടതിയിൽ കേസുകൾ നടത്തുന്നതിന് 22 സീനിയർ ഗവൺമെന്റ് പ്ലീഡർമാരെ നിയമിച്ചിട്ടുണ്ട്. അവരുടെ പേര് വിവരം അനുബന്ധം 2-ൽ ചേർത്തിട്ടുണ്ട്.

(ഡി) വിവരം ശേഖരിച്ചു വരുന്നു.

(ഇ) കെ.ജി.എൽ.ഒ. ചട്ടം പാർട്ട് 11-ൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരമാണ് അഡ്വ. ജനറലിനും, അഡീഷണൽ അഡ്വ. ജനറലിനും ഫീസ് നൽകുന്നത്. അവർ ഹാജരാകുന്ന കേസുകളുടെ അടിസ്ഥാനത്തിലാണ് ഫീസ് നൽകിവരുന്നത്. ഹൈക്കോടതിയിലെ സീനിയർ ഗവൺമെന്റ് പ്ലീഡർമാർക്ക് ഇപ്പോൾ പ്രതിമാസം 12,000 രൂപയും ഗവൺമെന്റ് പ്ലീഡർമാർക്ക് പ്രതിമാസം 10,000 രൂപയും പ്രതിഫലം നൽകുന്നുണ്ട്. മറ്റ് സർക്കാർ അഭിഭാഷകർക്ക് കെ.ജി.എൽ.ഒ. ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം കേസുകളുടെ അടിസ്ഥാനത്തിൽ ഫീസ് അനുവദിക്കുന്നു.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly